**കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നടന്ന ക്രമക്കേടുകൾ**

**74 (4695)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്തുകളിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര തുകയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളിൽ ചെംനാട് ഗ്രാമപഞ്ചായത്തിലെ ക്രമക്കേടുകളെക്കുറിച്ച് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സ് (വി.സി.2/07/കെ.എസ്.ഡി) അന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയിലാണ്. ഇതിൽ 49,478 രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

ബാക്കിയെല്ലാ കേസ്സുകളും അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്ര രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുണ്ട് എന്ന് പറയാൻ സാധിക്കുകയുള്ളൂ.

**അഡ്വഞ്ചർ ടൂറിസം**

**75 (4696)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ടൂറിസം വികസനത്തിനുവേണ്ടി നീക്കി വച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സാഹസിക (അഡ്വഞ്ചർ) ടൂറിസത്തിനുള്ള സാധ്യതകൾ ഇതിനകം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് സംസ്ഥാനത്ത് സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാകുകയും അന്യസംസ്ഥാനങ്ങൾ ഈ രംഗത്ത് മുന്നേറുകയും ചെയ്യുമ്പോഴും

LIBRARY ARCHIVES Kerala Legislative Assembly